JUSTICE IS NOT A FAVOUR
Neethi Vedhi
IT IS A RIGHT

# നീതിവേദി



നീതി ഔദാര്യമല്ല...
അവകാശമാണ്...



സ്നേഹിതരേ,

നീതിവേദിയുടെ പ്രവർത്തനങ്ങൾ ഇരുപതാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ട് ദശകങ്ങളിലായി കേരളത്തിലെ വിവിധ ജില്ലകളിൽ ആദിവാസികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും മറ്റ് പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും വേണ്ടി നിരവധി ഇടപെടലുകൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നൂറുകണക്കിന് ആദിവാസി നേതാക്കളെ വളർത്തിയെടുക്കാനും ഒട്ടനവധി സ്ത്രീകൾക്കും കുട്ടികൾക്കും സാന്ത്വനമേകാനും പിന്നിട്ട വർഷങ്ങളിലെ വിവിധ പ്രവർത്തനങ്ങളിലൂടെ നാം ശ്രദ്ധ പതിപ്പിച്ചു. കഴിഞ്ഞ മൂന്ന് വർഷങ്ങളായി വയനാട് ജില്ലയിലെ പഞ്ചായത്തുകളുമായി സഹകരിച്ച് വിവിധ രാഷ്ട്രീയ-മത-സാമൂഹ്യ പ്രവർത്തകരെ ഉൾച്ചേർത്തുകൊണ്ട് രൂപീകരിച്ച സമാധാനകമ്മറ്റികളിലൂടെ നിരവധി തർക്കങ്ങൾ രമ്യമായി പരിഹരിക്കാൻ നാം ശ്രമിച്ചുവരികയാണ്. തർക്കപരിഹാരത്തിനും അനുരഞ്ജനത്തിനും മീഡിയേഷൻ ഒരു മാർഗ്ഗമായി ഉപയോഗിക്കുന്നത് ഏറെ സ്വീകാര്യവും ഫലപ്രദവുമാണെന്ന് മിക്കവരും അഭിപ്രായപ്പെടുന്നുണ്ട്. ഈ ദൗത്യം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ആഗ്രഹം.

2022-23 വർഷത്തിൽ ആദിവാസി സമൂഹങ്ങളുടെ അവകാശങ്ങളും പ്രതിസന്ധികളും സംസ്ക്കാരവും ആചാരാനുഷ്ഠാനപാരമ്പര്യങ്ങളും കൂടുതൽ മനസ്സിലാക്കാനും വിലമതിക്കാനും പൊതുസമൂഹത്തേയും ആദിവാസി യുവജനങ്ങളെയും കുട്ടികളെയും സഹായിക്കാൻ സാധിക്കുന്ന വിധത്തിലുള്ള പരിപാടികൾക്കാണ് നാം ഊന്നൽക്കൊടുക്കുന്നത്. ഇക്കാര്യത്തിൽ സമാധാനക്കമ്മറ്റി അംഗങ്ങളും ആദിവാസി ഊരുമൂപ്പൻമാരും സാമൂഹ്യപ്രവർത്തകരും സജീവമായി സഹകരിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. അതോടൊപ്പം ആദിവാസികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള നിയമസഹായവും കൗൺസിലിംഗും മറ്റ് സേവനങ്ങളും തുടരുന്നതുമാണ്.

നീതിവേദിയുടെ പ്രവർത്തനങ്ങളിൽ ഏവരുടേയും പിന്തുണയും സജീവമായ പങ്കാളിത്തവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**
പ്രസിഡന്റ്, നീതിവേദി

# നീതിവേദി


ജൂൺ 2022

## ഉള്ളടക്കം


നീതിവേദിയുടെ 2021– 22 വർഷത്തെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ 3

2022– 23 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ 23

പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ 27



എഡിറ്റോറിയൽ ബോർഡ് :

**അഡ്വ. മരിയ**

**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**

**ഫ്ളൈസി ജോസ്**

**അഡ്വ. ജോമോൾ ജോയി**

**അനീഷ് ബാബു**

ലേ ഔട്ട് & ഡിസൈനിങ്ങ് :

**ജുബിലി അനീഷ്**



പ്രന്റിങ്ങ് :

Creative Offset Printing

Near Canara Bank
Muttil, Wayanad - 673122
Mob: 9947872892

# നീതിവേദിയിൽ നിന്നും ഏവർക്കും സ്നേഹാശംസകൾ നേരുന്നു.



പ്രിയപ്പെട്ടവരെ,

കഴിഞ്ഞ രണ്ടു വർഷമായി നമ്മുടെ പ്രവർത്തനങ്ങളെയെല്ലാം സാരമായി ബാധിച്ച കോവിഡിൽ നിന്നും ഒരു പരിധിവരെ മോചിതരായി എന്ന് വിശ്വസിക്കാമെന്ന് കരുതുന്നു. നമ്മുടെ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നാം കൂടുതൽ ഊർജ്ജിതമായി തുടരേണ്ടിയിരിക്കുന്നു. വിവിധ മേഖലകളിലുള്ളവരെ ഒരുമിച്ചുചേർത്ത് യോഗങ്ങളും ക്ലാസ്സുകളും മറ്റ് പരിപാടികളും കൂടുതലായി നടത്താൻ ഈ വർഷം കഴിയുമെന്നാണ് നമ്മുടെ പ്രതീക്ഷ.

നീതിവേദിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചെറുവിവരങ്ങൾ എല്ലാ മാസവും 'ഇ-ബുള്ളറ്റിനായി' സാമൂഹ്യ മാധ്യമങ്ങളിലൂടെ എല്ലാവരിലുമെത്തിക്കാൻ കഴിഞ്ഞ വർഷം മുതൽ ശ്രമിച്ചുവരുന്നുണ്ട്. അതിനിയും തുടരുന്നതാണ്. 2021-22 വർഷത്തിൽ നീതിവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രധാനപ്രവർത്തനങ്ങളും 2022-23 വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും ഉൾപ്പെടുത്തി ഒരു പ്രത്യേക ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുകയാണ്. നീതിവേദിയുടെ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നവർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബുള്ളറ്റിൻ തയ്യാറാക്കിയിരിക്കുന്നത്. നീതിവേദിയുടെ ഉദ്ദേശ ലക്ഷ്യങ്ങളും സമീപനങ്ങളും പ്രവർത്തനങ്ങളും കൂടുതൽപേർക്ക് മനസ്സിലാക്കാൻ ഈ ബുള്ളറ്റിൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.


**ഫ്ളൈസി ജോസ്**
ഡയറക്ടർ, നീതിവേദി

# വാർഷിക ജനറൽ ബോഡി യോഗം



നീതിവേദിയുടെ പത്തൊൻപതാമത് വാർഷിക ജനറൽ ബോഡി യോഗം 2022 മെയ് 4 ന് കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് നടന്നു. 27 പേർ പങ്കെടുത്തു. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. 2021-22 വർഷത്തെ വാർഷിക റിപ്പോർട്ട് സെക്രട്ടറിയും, 2021-22 വർഷത്തെ കണക്കും 2022-23 വർഷത്തെ ബഡ്ജറ്റും ട്രഷററും അവതരിപ്പിച്ചു. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ യോഗം പാസ്സാക്കി.

ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആദിവാസി ഭവനങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാനും ഓണിവയൽ ഫ്ളാറ്റ് സംബന്ധിച്ചും തുടർ പ്രവർത്തനങ്ങൾ നടത്താനും ആദിവാസി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരായ വ്യക്തികളെ സഹായിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാനും യോഗത്തിൽ ധാരണയായി. ആദിവാസി ദിനാചരണം നീതിവേദിയുടെ നേതൃത്വത്തിൽ സമുചിതമായി ആഘോഷിക്കാൻ യോഗം തീരുമാനിച്ചു. നീതിവേദി സ്റ്റാഫ് അംഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും യോഗത്തിൽ വിശദീകരിച്ചു. നീതിവേദിയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വാർഷിക ന്യൂസ് ബുള്ളറ്റിൻ അച്ചടിക്കുവാനും എല്ലാ മാസങ്ങളിലും ഇ-ബുള്ളറ്റിൻ വഴി സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രവർത്തനങ്ങൾ പങ്കുവെയ്ക്കാനും തീരുമാനിച്ചു. സെക്രട്ടറി ഫ്ളൈസി ജോസ് നന്ദി പറഞ്ഞു.







# നീതിവേദിയുടെ 2020 - 2021 വർഷത്തെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ

## സേവനദാതാവ്





2008 മുതൽ നീതിവേദി വയനാട് ജില്ലയിൽ ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ സേവനദാതാവായി പ്രവർത്തിച്ചുവരുന്നു. നിലവിൽ വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിലാണ് ഈ പ്രവർത്തനം. അഡ്വ. ജോമോൾ ജോയി ലീഗൽ കൗൺസിലറായി പ്രവർത്തിച്ചുവരുന്നു. നീതിവേദിയെ സമീപിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗും നിയമ സഹായവും നൽകി ശക്തിപ്പെടുത്താനും അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള നടപടികളെടുക്കാനും പ്രത്യേക ശ്രദ്ധനൽകിവരുന്നു. കഴിഞ്ഞ പ്രവർത്തന വർഷത്തിൽ നീതിവേദിയെ സമീപിച്ച 318 പേർക്ക് നിയമ സഹായം നൽകി. 120 ഗാർഹിക പീഡന പരാതികൾ ലഭിച്ചു. അതിൽ 102 പരാതികൾ പരിഹരിച്ചു. 17 കേസുകൾ കോടതിയിൽ ഫയൽ ചെയ്തു. അതിൽ 5 എണ്ണം കോടതി മുഖാന്തിരം പരിഹരിച്ചു. 122 പേർക്ക് കൗൺസിലിംഗ് നൽകി. 20 ഓളം പേർക്ക് പരാതികൾ തയ്യാറാക്കി നൽകാൻ സാധിച്ചു.

## നിയമ സഹായം



ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ, മറ്റ് പാർശ്വവൽക്കരി ക്കപ്പെട്ട സമൂഹങ്ങൾ എന്നിവർക്ക് സൗജന്യ നിയമസഹായം നൽകുന്നതിനും കോടതിക്കു പുറമെ മീഡിയേഷനിലൂടെ പ്രശ്ന പരിഹാര സാധ്യതകൾ തേടുന്നതിനുമായി അഡ്വ.ഫാ.തോമസ് തേരകം, അഡ്വ.ഫാ. സ്റ്റീഫൻ മാത്യു, അഡ്വ.മരിയ, അഡ്വ.ജോമോൾ ജോയി എന്നീ അഭിഭാഷകരുടെ സഹായം ലഭ്യമാണ്.

## നീതിവേദി ജില്ലാ പീസ് ഫോറം

2019 ൽ ആരംഭിച്ച വയനാട് ജില്ലാതല പീസ് ഫോറം കഴിഞ്ഞ പ്രവർത്തന വർഷത്തിൽ ഏറെ സജീവമായിരുന്നു. ജില്ലാ ചെയർമാൻ ശ്രീ കെ.ഐ. തോമസ് സാറിന്റെ നേതൃത്വത്തിൽ 25 അംഗ എക്സിക്യൂട്ടീവ് അംഗങ്ങളും ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിലെയും മുൻസിപ്പാലിറ്റികളിലെയും പീസ് കമ്മിറ്റികളുടെ ചെയർമാൻ/ചെയർപേഴ്സൺ, കൺവീനർ എന്നിവരും ജില്ലാ പീസ് ഫോറത്തിലെ അംഗങ്ങളാണ്.



2021 ജൂൺ 29 ന് ജില്ലാ പീസ് ഫോറം എക്സിക്യൂ ട്ടീവ് യോഗം നടന്നു. ആദിവാസികൾ അനുഭവിക്കുന്ന പ്രധാന വിഷയങ്ങളിൽ ഇടപെ ടുന്നതിനായി ശ്രീ. ശശി മീനങ്ങാടി, അഡ്വ.മരിയ, ശ്രീ.വി.ടി കുമാർ എന്നിവരട ങ്ങുന്ന ഒരു സബ് കമ്മറ്റി രൂപീകരിച്ചു.

2021 ഒക്ടോബർ 26 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങളു ടെയും പഞ്ചായത്ത് തല പീസ് കമ്മിറ്റി ഭാരവാഹികളുടെയും കോർ ടീം വോളണ്ട ിയർമാരുടെയും യോഗം നടന്നു. കൺവീനർ ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ സ്വാഗതം ആശംസിച്ചു. ചെയർമാൻ ശ്രീ കെ.ഐ. തോമസ് അധ്യക്ഷത വഹിച്ചു. കോവിഡ് കാലഘട്ടത്തിലെ ജില്ലാ പീസ് ഫോറം ഇടപെടലുകളും തുടർന്നുള്ള അഞ്ചുമാസ ത്തെ പ്രവർത്തന ങ്ങളും സംബന്ധിച്ച ചർച്ചകൾ നടത്തി. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു ചർച്ചകൾക്ക് നേതൃത്വം നൽകി. വൈസ് ചെയർപേഴ്സൺ ശ്രീമതി സുലോചന രാമകൃഷ്ണൻ നന്ദി പറഞ്ഞു.








2021 ഡിസംബർ 6 ന് എം എം ഏജൻസി യുടെ ഇന്ത്യാ കോർഡിനേറ്റർ ശ്രീ ആംബ്രോസ് ക്രിസ്റ്റിയുടെ നേതൃത്വത്തിൽ ചേർന്ന റിവ്യൂ മീറ്റിംഗിൽ ജില്ലാ പീസ് ഫോറം ഭാരവാഹികൾ പങ്കെടുത്തു.

# ജില്ലാ പീസ് ഫോറം പ്രതിനിധികൾക്ക് പരിശീലനം







വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുമുള്ള പ്രതിനിധികൾക്കും ജില്ലാ പീസ് ഫോറം അംഗങ്ങൾക്കുമായി 2022 ഫെബ്രുവരി 22-ാം തിയ്യതി എറണാകുളം റിന്യൂവൽ സെന്ററിൽ വെച്ച് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ. കെ.ഐ. തോമസ് സാർ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി പ്രസിഡന്റ് ഫാ. സ്റ്റീഫൻ മാത്യു വിശിഷ്ടാതിഥിയെ പരിചയപ്പെടുത്തുകയും ഏവരെയും സ്വാഗതം ചെയ്യുകയും ചെയ്തു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റിട്ടയേർഡ് പ്രൊഫസർ ഡോ. എം.പി. മത്തായി മതസൗഹാർദത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഗാന്ധിയൻ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സെടുത്തു. വിവിധ മതങ്ങളെ ഉൾപ്പെടുത്തി കൂട്ടായ പരിശ്രമങ്ങൾ സംഘടിപ്പിക്കുവാനുള്ള വിവിധ നിർദ്ദേശങ്ങൾ അദ്ദേഹം നൽകി.

# പഞ്ചായത്ത് പീസ് കമ്മിറ്റികൾ





വയനാട് ജില്ലയിലെ 23 ഗ്രാമപഞ്ചായത്തുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലും നീതിവേദി പീസ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് മെമ്പർമാർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, വിവിധ മതങ്ങളുടെ പ്രതിനിധികൾ, പൊതുപ്രവർത്തകർ, ആദിവാസി മൂപ്പന്മാർ തുടങ്ങിയവർ പീസ് കമ്മിറ്റികളിലെ അംഗങ്ങളാണ്. ഓരോ പഞ്ചായത്തിലും ശ്രദ്ധയിൽപെടുന്ന തർക്കങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്താനും സാധിക്കുന്നിടത്തോളം മദ്ധ്യസ്ഥതയിലൂടെ രമ്യമായി പ്രശ്നങ്ങൾ പരിഹരിക്കാനും പഞ്ചായത്ത് പീസ് കമ്മിറ്റികൾ താൽപ്പര്യമെടുത്തുവരുന്നു. പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവിധ സൗഹൃദ ക്ലബ്ബുകളും, ആഘോഷങ്ങളും, സമാധാനദിനാചരണവും പീസ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. 2019 ൽ തുടക്കം കുറിച്ച ഏതാനും പീസ് കമ്മിറ്റികൾ കഴിഞ്ഞ പ്രവർത്തന വർഷത്തിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി.

കഴിഞ്ഞ വർഷം എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും രണ്ട് പ്രാവശ്യം വീതം റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ നടപടികളെടുക്കുകയും ചെയ്തു. കോവിഡ് ബാധിച്ചവരെ സഹായിക്കാനായി നടത്തിയ ഇടപെടലുകളിൽ പീസ് കമ്മിറ്റി അംഗങ്ങൾ സജീവമായി പങ്കുചേർന്നു.

## കോർ ടീം വോളണ്ടിയേഴ്സ്





പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിലുള്ള പീസ് കമ്മിറ്റികളുടെയും സൗഹൃദ ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പ്രത്യേകം ചുമതലപ്പെട്ടവരാണ് കോർ ടീം വോളണ്ടിയേഴ്സ്. നിലവിൽ 23 പഞ്ചായത്തുകളിൽ കോർടീം വോളണ്ടിയേഴ്സിന്റെ സേവനം ലഭ്യമാണ്. 2021 ജൂൺ 30, സെപ്റ്റംബർ 29 എന്നീ ദിവസങ്ങളിൽ കോർ ടീം വോളണ്ടിയേഴ്സിന് പരിശീലനപരിപാടികൾ സംഘടിപ്പിച്ചു.

## കൈകോർത്ത് ഒരുമയോടെ

കഴിഞ്ഞ പ്രവർത്തന വർഷത്തിലെ ശ്രദ്ധേയമായ ഒരു പ്രോഗ്രാം പഞ്ചായത്ത് തലത്തിൽ വിവിധ മതപ്രതിനിധികളും പീസ് കമ്മിറ്റി അംഗങ്ങളുമായി നടത്തിയ സ്നേഹ സൗഹൃദ ഒത്തുചേരലുകളായിരുന്നു. എല്ലാ മതങ്ങളെയും ആദരിക്കുന്നു എന്നും ഓരോ മതത്തിന്റെയും തനതായ പ്രത്യേകതകൾ കാത്ത് സൂക്ഷിക്കാൻ അവർക്ക് അവകാശമുണ്ടെന്നും കാലാകാലങ്ങളായി നമ്മുടെ സമൂഹത്തിൽ പുലർന്നുവന്നിരുന്ന സൗഹൃദവും കൂട്ടായ്മയും കാത്ത് സൂക്ഷിക്കാൻ എല്ലാ മതങ്ങൾക്കും ചുമതലയുണ്ടെന്നും മതപ്രതിനിധികളുടെ യോഗം ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.










## പട്ടിക – വർഗ്ഗ ജനപ്രതിനിധികളുടെ ഒത്തുചേരൽ





2021 മാർച്ച് 4 ന് വയനാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ ജനപ്രതിനിധികളുടെ ഒത്തുചേരൽ നടന്നു. വയനാട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ബിന്ദു ടീച്ചർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷംഷാദ് മരക്കാർ ഒത്തുചേരൽ ഉദ്ഘാടനം ചെയ്തു. പട്ടചകവർഗ്ഗ ജനപ്രതിനിധികൾ ആദിവാസി സമുദായങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും തിരിച്ചറിഞ്ഞ് വാർഡുകൾക്കതീതമായി എല്ലാവരേയും അഭിവൃദ്ധിയിലേക്ക് നയിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സംഷാദ് മരക്കാർ ആവശ്യപ്പെട്ടു.

ജനപ്രതിനിധികളെ ആദരിക്കുന്നതിനു മുമ്പായി "റ്റി.എസ്.പി" സംബന്ധിച്ച് കില റിസോഴ്സ് പേഴ്സൺ ശ്രീ.ഇ.ജി ജോസഫ് ക്ലാസ്സെടുത്തു. "ആദിവാസി വികസനം" സംബന്ധിച്ച് ഗവേഷകനായ ശ്രീ നിധീഷ് കുമാർ, പൂക്കോട് വെറ്റിനറി കോളേജ് അസി.പ്രൊഫസർ ശ്രീ മണികണ്ഠൻ എന്നിവർ പങ്കുവെക്കൽ നടത്തി. ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ ശ്രീ ചെറിയാൻ, ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ തോമസ് കെ.ഐ, വൈസ് ചെയർപേഴ്സൺ ശ്രീമതി കെ. മിനി, നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, ഡയറക്ടർ ഫ്ളയ്സി ജോസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. 117 പേർ പരിപാടിയിൽ പങ്കെടുത്തു.

പട്ടിക-വർഗ്ഗ സമൂഹങ്ങൾക്ക് ഉപകാരപ്രദമായ വിവരങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ പങ്കുവെച്ച് നൽകിവരുന്നു. നീതിവേദിയുടെ ആദിവാസി പ്രവർത്തനങ്ങളിൽ നിരവധി ജനപ്രതിനിധികൾ സജീവമായി പങ്കുചേരുന്നുണ്ട്.

## വനിതാ സൗഹൃദ ക്ലബ്ബുകൾ





അയൽ വീടുകളിലെ സ്ത്രീകൾക്ക് സൗഹൃദം വളർത്താനും കായിക വിനോദങ്ങളിൽ ഏർപ്പെടാനും പരിശീലനങ്ങൾ നേടാനും ഉദ്ദേശിച്ചുകൊണ്ട് 2019 ൽ ആരംഭിച്ച വനിതാ സൗഹൃദ ക്ലബ്ബുകൾ കഴിഞ്ഞ വർഷം ഏറെ സജീവമായിരുന്നു. നീതിവേദിയുടെ ആഭിമുഖ്യത്തിൽ 6 പഞ്ചായത്തുകളിൽ 9 വനിതാ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. വേദനകൾ പങ്കുവെയ്ക്കാനും ഒരുമിച്ച് ഉല്ലസിക്കാനും സ്ത്രീകൾക്ക് ലഭിച്ച അവസരമായിട്ടാണ് ഈ ഒത്തുചേരലുകളെ എല്ലാവരും നോക്കിക്കണ്ടത്. സ്ത്രീകളുടെ നേതൃത്വത്തിൽ വിവിധ ആഘോഷങ്ങളും ഉല്ലാസയാത്രകളും സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീകളുടെ കലാവിരുതുകളും വിവിധ മേഖലകളിലെ അനുഭവസമ്പത്തും മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കാൻ സൗഹൃദ ക്ലബ്ബുകൾ വേദികളായി.

2021 ഒക്ടോബർ 23 ശനിയാഴ്ച കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് വനിതാ സൗഹൃദ ക്ലബ്ബ് ഭാരവാഹികൾക്ക് ഹാപ്പിനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ മാത്യൂസ് വൈത്തിരി, ശ്രീമതി കമല എന്നിവർ നേതൃത്വം നൽകി. വിവിധ വനിതാ ക്ലബ്ബുകളിലെ 35 ഭാരവാഹികൾ പരിപാടിയിൽ പങ്കെടുത്തു.

## വനിതാദിനം





നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 8 ന് വനിതാ ദിനാചരണം സംഘടിപ്പിച്ചു. നീതിവേദി ഓഫീസിൽ നിന്നും കാക്കവയൽ ടൗണിലേക്ക് വനിതകളുടെ റാലിയും തുടർന്ന് പൊതുസമ്മേളനവും സംഘടിപ്പിച്ചു. അഡ്വ. സിസ്റ്റർ ജോമോൾ ജോയി എല്ലാവരെയും സ്വാഗതം ചെയ്തു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി നിസ ഉദ്ഘാടനം ചെയ്തു. ദേശാഭിമാനി വയനാട് ബ്യൂറോ ചീഫ് ശ്രീമതി ഷീജ വനിതാദിന സന്ദേശം നൽകി. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. മരിയ എന്നിവർ ആശംസകൾ അർപ്പിച്ചു. വനിതാ ദിനത്തോടനുബന്ധിച്ച് ശ്രീമതി ഷീജ, ശ്രീമതി നിസ എന്നിവരെ ആദരിച്ചു. ശ്രീ ജെയിംസ് തോമസ് ഹാപ്പിനസ്സ് പ്രോഗ്രാമിന് നേതൃത്വം നൽകി. ശ്രീമതി വത്സ ദേവസ്യ നന്ദി പറഞ്ഞു. വിവിധ വനിതാ സൗഹൃദ ക്ലബ്ബുകളിൽ നിന്നായി 65 പേർ പങ്കെടുത്തു.

## യുവജന സൗഹൃദ ക്ലബ്ബുകൾ



രാഷ്ട്രീയ - മത സംഘർഷങ്ങളുടെ ഇരകളാകുന്ന യുവജനങ്ങളെ സമാധാനത്തിന്റെ സൗഹൃദത്തിന്റെയും വക്താക്കളാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് 2019 ൽ യുവ ജന സൗഹൃദ ക്ലബ്ബുകൾക്ക് തുടക്കം കുറിച്ചത്. കഴിഞ്ഞ പ്രവർത്തന വർഷത്തിൽ 11 യുവജന സൗഹൃദ ക്ലബ്ബുകൾ സജീവമായി പ്രവർത്തിച്ചുവന്നിരുന്നു.

സാധിക്കുന്ന വൈകുന്നേരങ്ങളിൽ ഒരു പ്രദേശത്തെ യുവജനങ്ങൾക്ക് മത - രാഷ്ട്രീയ വ്യത്യാസങ്ങൾക്ക തീതമായി ഒരുമിച്ച് വന്ന് കായിക വിനോദങ്ങളിൽ ഏർപ്പെടാനും സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഈ ക്ലബ്ബുകൾ ശ്രദ്ധേയമായ പങ്കുവഹിച്ചു. കോവിഡ് കാലഘട്ടങ്ങളിൽ പഞ്ചായ ത്തുകളും പീസ് കമ്മിറ്റികളുമായി സഹകരിച്ച് നിരവധി പേരെ സഹായിക്കാൻ യുവജനങ്ങൾക്ക് സാധിച്ചു എന്നത് പ്രത്യേകം പരാമർശിക്കേണ്ട കാര്യമാണ്. തവിഞ്ഞാൽ പഞ്ചായത്തിലെ തലപ്പുഴയിലെ വാഗാബോണ്ട് എന്ന യുവജന സൗഹൃദ ക്ലബ്ബിലെ അംഗങ്ങൾ തലപ്പുഴയിലെ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിലെ കുട്ടികൾക്ക് ട്യൂഷൻ ക്ലാസ്സ് എടുത്തിരുന്നു.






2021 ഒക്ടോബർ 28 വ്യാഴാഴ്ച കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് യുവജന സൗഹൃദ ക്ലബ്ബ് ഭാരവാഹികൾക്ക് നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീ ഷിബു കുറുമ്പേമഠം നേതൃത്വം നൽകി.

# വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾ





കുട്ടികളുടെ മനസ്സിൽ എല്ലാമതങ്ങളെപ്പറ്റിയും ആദരവ് വളർത്തിയെടുക്കാനും മതവ്യത്യാസങ്ങൾക്കതീതമായി മനുഷ്യത്വത്തിന്റെ മാഹാത്മ്യം ഊട്ടിയുറപ്പിക്കാനും ലക്ഷ്യം വെച്ചുകൊണ്ടാണ് 2019 ൽ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾ ആരംഭിച്ചത്. ആരംഭ ഘട്ടത്തിൽ വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ച് സൗഹൃദ ക്ലബ്ബുകൾ രൂപീകരിച്ചെങ്കിലും കോവിഡ് കാലഘട്ടത്തിന്റെ പ്രത്യേകതകൾ മൂലം അവ തുടർന്ന് പ്രവർത്തിക്കുകയുണ്ടായില്ല. പകരമായി ഓരോ പ്രദേശത്തെയും വിദ്യാർത്ഥികളെ ഒരുമിച്ച് ചേർത്ത് അംഗൺവാടി ടീച്ചർമാരുടെയും മറ്റ് യുവജനപ്രവർത്തകരുടെയും സഹായത്തോടെ നിലവിൽ 19 വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. പഠനം, ആരോഗ്യം, വിനോദം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന വിവിധ കർമ്മ പരിപാടികൾ ക്ലബ്ബുകളിലൂടെ നടന്നുവരുന്നു. പഠനസാമഗ്രികളും കളിക്കോപ്പുകളും വിതരണം ചെയ്തുകൊണ്ട് കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ നീതിവേദി പ്രവർത്തകർ ബദ്ധശ്രദ്ധരാണ്.







നീതിവേദിയുടെ ആഭിമുഖ്യത്തിൽ സമാധാനദിനാചരണത്തോടനുബന്ധിച്ച് വനിതാ- യുവജന- വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകളിലെ അംഗങ്ങൾക്കുവേണ്ടി "ശാന്തിയും സാഹോദര്യവും കൂട്ടായ്മയും വളർത്തുന്നതിനായി" എന്ന പ്രമേയത്തെ ആസ്പദമാക്കി ചിത്ര രചന, കവിതാ രചന മത്സരങ്ങൾ നടത്തി.





മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് അംഗൺവാടി ടീച്ചർമാരും നീതിവേദി സ്റ്റാഫ് അംഗങ്ങളായ വത്സ, സാറാമ്മ, ലൈല, ജൂബിലി എന്നിവരും നേതൃത്വം നൽകി. മത്സര വിജയികൾക്ക് 2022 മാർച്ച് 23 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.





| കാറ്റഗറി | ചിത്ര രചന | | | കവിതാ രചന | | |
|---|---|---|---|---|---|---|
| | ഒന്നാം സമ്മാനം | രണ്ടാം സമ്മാനം | മൂന്നാം സമ്മാനം | ഒന്നാം സമ്മാനം | രണ്ടാം സമ്മാനം | മൂന്നാം സമ്മാനം |
| വനിതകൾ | **ഫസീല എ.പി. ജെ.നഗർ കമ്പളക്കാട്** | **റീന ജിജോ ആവയൽ മീനങ്ങാടി** | – | **ഷീന മിത്രം ആവയൽ** | **എൽസി മിത്രം ആവയൽ** | – |
| യുവജനങ്ങൾ | **അശ്വതി മനോജ്, പുൽപ്പള്ളി** | – | – | **ഐശ്വര്യ മനോജ് കേണിച്ചിറ** | **ഉനൈസ് തലപ്പുഴ** | **അശ്വതി മനോജ് പുൽപ്പള്ളി** |
| കുട്ടികൾ | **സുബി കെ. സുഭാഷ്, മേപ്പാടി** | **അനീറ്റ മരിയ നാട്ടക്കൊല്ലി** | **നിഹാല നാജി, കമ്പളക്കാട്** | **അനാമിക മനോജ് കേണിച്ചിറ** | **1. ലിയാന ഫാത്തിമ കമ്പളക്കാട്, 2. ജോമി ഷാജി ആവയൽ** | **അലീന രഞ്ജിത്ത് എടപ്പെട്ടി** |

# വിദ്യാർത്ഥി പ്രതിനിധികൾക്ക് നേതൃത്വ പരിശീലന ക്യാമ്പ്





2022 മെയ് 14,15 തിയ്യതികളിലായി മാനന്തവാടി പാവന സെന്ററിൽ വെച്ച് "മാറ്റത്തിന്റെ ശംഖൊലികളാകാൻ, സമാധാനവും സൗഹൃദവും വളർത്താൻ" എന്ന പ്രമേയത്തെ ആസ്പദമാക്കി നീതി വേദി വിദ്യാർത്ഥി സൗഹൃദ ക്ലബ്ബ് ലീഡേഴ്സിന് വേണ്ടി നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് അഡ്വ.ഫാ. സ്റ്റീഫൻ മാത്യു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ റോബിൻ വർഗ്ഗീസ്, ശ്രീ അജയ് പനമരം, ശ്രീ മാത്യൂസ് വൈത്തിരി, ശ്രീ പ്രദീപ് എന്നിവർ വിവിധ ക്ലാസ്സുകൾക്കും മറ്റ് പ്രോഗ്രാമുകൾക്കും നേതൃത്വം നൽകി. നീതിവേദി സ്റ്റാഫ് അംഗങ്ങൾ ആണ് ക്യാമ്പ് സംഘടിപ്പിച്ചത്. 74 പേർ പങ്കെടുത്തു.

# എക്സ്പോഷർ വിസിറ്റ്






നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2022 ഫെബ്രുവരി 22,23 തിയ്യതികളിൽ എറണാകുളത്തേക്ക് എക്സ്പോഷർ വിസിറ്റ് സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ വിവിധ പഞ്ചായത്ത് പീസ് കമ്മിറ്റികളിൽ നിന്നും വനിത - യുവജന ഹാർമണി ക്ലബ്ബുകളിൽ നിന്നും കോർ ടീം അംഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികളായി 50 പേരാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. 2022 ഫെബ്രുവരി 21-ാം തിയ്യതി വൈകുന്നേരം 8.45 ന് നീതിവേദി ഓഫീസിൽ നിന്നും ആരംഭിച്ച യാത്രയുടെ ഭാഗമായി വിവിധ മതകേന്ദ്രങ്ങൾ സന്ദർശിക്കുകയും മതനേതാക്കളും മതസൗഹാർദത്തിനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളുമായി സൗഹൃദചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു. 2022 ഫെബ്രുവരി 24-ാം തിയ്യതി രാവിലെ ഏറെ സംതൃപ്തിദായകമായ സന്ദർശനയാത്ര പൂർത്തിയാക്കി പ്രതിനിധികൾ തിരിച്ചെത്തി.

# ചാവറ കൾച്ചറൽ സെന്റർ സന്ദർശനം




ഫെബ്രുവരി 22 ന് രാവിലെ ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് നടന്ന മതാന്തര സൗഹൃദ സദസ്സിലേക്ക് ഡയറക്ടർ ഫാ. തോമസ് പുതുശ്ശേരി നീതിവേദി പ്രതിനിധികളെയും മറ്റു വിശിഷ്ട അതിഥികളെയും സ്വാഗതം ചെയ്തു. പ്രൊഫ.എം ആർ മേനോന്റെ നേതൃത്വത്തിൽ നടന്ന ഭജനകൾ ഏറെ ഹൃദ്യമായിരുന്നു. പ്രൊഫസർ എം കെ സാനു മാസ്റ്റർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. ഡോ.കെ രാധാകൃഷ്ണൻ നായർ, ഫാ. സ്റ്റീഫൻ മാത്യു, എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ, ജെബിൻ ജോസ്, ബൺഡിസിങ്, സെയ്തലവി, ഫ്ളയ്സി ജോസ്, പ്രൊഫസർ എൻ. ജിജോ പാലത്തിങ്കൽ, ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു.







# ഗ്രാൻഡ് ജുമാ മസ്ജിദിൽ നീതിവേദി പ്രവർത്തകർക്ക് സ്വീകരണം





നീതിവേദി സമാധാന പ്രവർത്തകർക്ക് 2022 ഫെബ്രുവരി 22-ാം തിയ്യതി എറണാകുളം ഗ്രാൻഡ് ജുമാ മസ്ജിദിൽ വെച്ച് ഇമാം ഫൈസൽ സാഹിബിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. ആലുവ കോളേജിലെ വിദ്യാർത്ഥിനികളുടെ സ്വാഗത ഗാനത്തിനുശേഷം ഫോറം ഫോർ ഫെയ്ത്ത് ആന്റ് ഫ്രെറ്റേണിറ്റി പ്രസിഡന്റ് ഡോ. സി.എച്ച്. അബ്ദുൾ റഹീം ആമുഖ സന്ദേശം നൽകി. ചെന്നൈ വിഷ്ണു മോഹൻ ഫൗണ്ടേഷൻ സ്ഥാപകൻ സ്വാമി ഹരിപ്രസാദ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ നമ്മുടെ താൽപര്യങ്ങളും പരിഗണനകളും മറ്റുള്ളവരെ മുറിപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിച്ചു. കാലടി സംസ്കൃത യൂണിവേഴ്സിറ്റി പ്രൊ. വൈസ്ചാൻസ്ലർ ഡോ. ശ്രീകല മതസൗഹാർദത്തിനായുള്ള ഒത്തുചേരലുകൾ ഏറെ പ്രധാനപ്പെട്ടതാണെന്ന് അഭിപ്രായപ്പെട്ടു. നീതിബോധവും അനുകമ്പയും ഉള്ളവർക്കു മാത്രമേ ദൈവത്തോട് ചേർന്നുനിൽക്കാനാകൂ എന്ന് ഇമാം ഫൈസൽ സൂചിപ്പിച്ചു. മസ്ജിദിൽ നടന്ന സായാഹ്ന പ്രാർത്ഥനയിലും സ്നേഹ വിരുന്നിലും ഏവരും പങ്കുചേർന്നു. ശ്രീ ജെയിംസ് തോമസ് എല്ലാവർക്കും നന്ദി പറഞ്ഞു.

# ഗുരുദ്വാര സന്ദർശനം







നീതിവേദി പ്രവർത്തകരുടെ എക്സ്പോഷർ വിസിറ്റിന്റെ ഭാഗമായി കൊച്ചി ഗുരുദ്വാര ശ്രീ ഗുരു സിംഗ് സഭ 2022 ഫെബ്രുവരി മാസം 23-ാം തിയ്യതി രാവിലെ സന്ദർശിച്ചു. ശ്രീ ബണ്ടിസിംഗ് ഏവർക്കും സ്വാഗതം ആശംസിക്കുകയും സിക് മതത്തിന്റ ആചാരാനുഷ്ഠാനങ്ങൾ സംബന്ധിച്ച് വിശദീകരിക്കുകയും ചെയ്തു. നീതിവേദി പ്രവർത്തകരിൽ ബഹുഭൂരിഭാഗം പേർക്കും സിക് ഗുരുദ്വാരയിലേക്കുള്ള ആദ്യ സന്ദർശനമായിരുന്നു ഇത്. അവിടുത്തെ പുരോഹിതൻ ആലപിച്ച കീർത്തനങ്ങളും വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വായനയും ഏറെ ശ്രദ്ധേയമായിരുന്നു. പഞ്ചാബി രുചിപ്രദമായ ചായയും പലഹാരങ്ങളും ഏവരും ആസ്വദിച്ചു.

# ധർമ്മഭാരതി ആശ്രമ സന്ദർശനം




മതങ്ങളുടെ അടിസ്ഥാനത്തിൽ വർദ്ധിച്ചു വരുന്ന ചേരിതിരുവുകളും സംഘർഷങ്ങളും ഇല്ലാതാക്കണമെന്ന ആഗ്രഹത്തോടെയാണ് നീതിവേദി പ്രവർത്തകർ 2022 ഫെബ്രുവരി 3-ാം തിയ്യതി ധർമ്മ ഭാരതി ആശ്രമം സന്ദർശിച്ചതും ഡോ. സച്ചിതാനന്ദ ഭാരതിയുമായി ചർച്ചകൾ നടത്തിയതും. അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ മാറ്റങ്ങൾ സംബന്ധിച്ച പങ്കുവെയ്ക്കലുകൾ ഏറെ പ്രചോദനാത്മകമായിരുന്നു. മാനവസേവ-മാധവസേവയിൽ അധിഷ്ഠിതമായ ത്യാഗാർച്ചന എന്ന ദർശനം ഏറെ ആകർഷകമായിരുന്നു. ആചാര്യ, മാതാജി മറ്റ് പ്രവർത്തകർ എന്നിവരുടെ ലാളിത്യവും ജീവിതശൈലിയും ഏവർക്കും അനുകരണീയ മായി തോന്നി. ശ്രീ. ലത്തീഫ് കണിയാമ്പറ്റ എല്ലാവർക്കും നന്ദിയറിയിച്ചു.









# സമീക്ഷയിലേക്കൊരു തീർത്ഥയാത്ര

നീതിവേദി പ്രവർത്തകരുടെ എക്സ്പോഷർ വിസിറ്റിന്റെ സമാപന പരിപാടിയായിരുന്നു കാലടി സമീക്ഷയിലേക്കുള്ള സന്ദർശനം. സ്ഥാപക ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൈനാടത്ത് ഏവരെയും സ്വാഗതം ചെയ്യുകയും സമീക്ഷയുടെ ദർശനം, ദൗത്യം, പ്രവർത്തനം എന്നിവ വിശദീകരിക്കുകയും ചെയ്തു. പെരിയാർ തീരത്തുകൂടെയും സമീക്ഷ ക്യാമ്പസിലൂടെയുമുള്ള യാത്ര ഏറെ ഉണർവ്വ് പകരുന്ന അനുഭവമായിരുന്നു. ഫാ. സെബാസ്റ്റ്യൻ നയിച്ച വൃക്ഷ ധ്യാനം ഏറെ അനുഭവപൂർണ്ണമായിരുന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് സമീക്ഷ പ്രവർത്തകർക്ക് ഹൃദ്യമായ നന്ദി അറിയിച്ചു.



# സ്വാതന്ത്ര്യദിനാഘോഷം

ആഗസ്റ്റ് 15 ന് മീനങ്ങാടി പഞ്ചായത്തിലെ ചൂതുപാറ കോളനിയിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. വാർഡ് മെമ്പർ ശ്രീമതി ശാന്തി സുനിൽ ഉദ്ഘാടനം ചെയ്തു. നീതിവേദി ലീഗൽ കൗൺസിലർ അഡ്വക്കറ്റ് ജോമോൾ ജോയി സ്ത്രീകൾക്കും കുട്ടികൾക്കും നിയമബോധവൽക്കരണ ക്ലാസ്സ് നടത്തി. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. മധുര പലഹാരങ്ങൾ വിതരണം ചെയ്തു.



# ഓണാഘോഷം

2021 ആഗസ്റ്റ് 11 ന് മുട്ടിൽ പഞ്ചായത്തിലെ തോര്യമ്പം, ആഗസ്റ്റ് 13 ന് അടുവാടിവയൽ, ആഗസ്റ്റ് 15 ന് പരിയാരം, ആഗസ്റ്റ് 16 ന് കണിയാമ്പറ്റ പഞ്ചായത്തിലെ എ.പി.ജെ.നഗർ, ആഗസ്റ്റ് 22 ന് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ വട്ടർക്കുന്ന് എന്നിവിടങ്ങളിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വിവിധ കലാ-കായിക പരിപാടികളും പായസ വിതരണവും നടത്തി. വിദ്യാർത്ഥി/ വനിത സൗഹൃദ ക്ലബ്ബുകൾ ഓണാഘോഷങ്ങൾക്ക് നേതൃത്വം നൽകി.








# നബിദിനാഘോഷം






നീതിവേദിയുടെയും കമ്പളക്കാട് എ.പി.ജെ. നഗർ റെസിഡന്റ്സ് അസ്സോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ 31.10.2021 ന് നബിദിനാഘോഷം സംഘടിപ്പിച്ചു. കണിയാമ്പറ്റ പഞ്ചായത്ത് മെമ്പർ ശ്രീ നൂരിഷ ചേനോത്ത് അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളെസി ജോസ് ഉദ്ഘാടനം ചെയ്തു. കണിയാമ്പറ്റ പഞ്ചായത്ത് മെമ്പർ ശ്രീമതി സലിജ ഉണ്ണി, അഡ്വ. ജോമോൾ ജോയ്, ശ്രീ. വേലുകുട്ടി താമരശ്ശേരി, ശ്രീ മുഹമ്മദ് ബഷീർ പി.എച്ച് എന്നിവർ ആശംസകൾ അർപ്പിച്ചു. വനിത സൗഹൃദ ക്ലബ്ബ് പ്രസിഡന്റ് ശ്രീമതി ഷാനിബ നന്ദി പറഞ്ഞു. വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിലെ കുട്ടികൾ നബിദിനത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.







# ക്രിസ്തുമസ് ആഘോഷം

പീസ് കമ്മിറ്റികളിലും വനിതാ- വിദ്യാർത്ഥി ക്ലബ്ബുകളിലും ക്രിസ്തുമസ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വിവിധ കലാ-കായിക പരിപാടികൾ നടത്തുകയും ക്രിസ്തുമസ് സന്ദേശം നൽകുകയും കേക്ക് മുറിച്ച് പരസ്പരം പങ്കുവെക്കുകയും ചെയ്തു.







# സമാധാന ദിനാചരണം





തർക്കങ്ങളും സംഘർഷങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമാധാനപ്രവർത്തകരാകാൻ എല്ലാവരെയും പ്രചോദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പീസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വനിതാ-യുവജന-വിദ്യാർത്ഥി സൗഹൃദാംഗങ്ങ ക്ലബ്ബാംഗങ്ങളെയും പൊതുപ്രവർത്തകരെയും ഉൾപ്പെടുത്തിക്കൊണ്ട് 15 പഞ്ചായത്തുകളിൽ സമാധാനദിനം ആചരിച്ചു. റഷ്യ- യുക്രെയിൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ സമാധാനദിനാചരണം ഏറെ പ്രസക്തമായിരുന്നു. എല്ലാ പഞ്ചായത്തുകളിലും ജനപ്രതിനിധികളും മറ്റ് സാമൂഹ്യ പ്രവർത്തകരും പങ്കെടുത്തു. വിശിഷ്ട വ്യക്തികൾ സമാധാനദിന സന്ദേശം പങ്കുവെച്ചു. പരസ്പര ബന്ധവും, കൂട്ടായ്മയും, കരുതലും ഏറ്റെടുത്തുകൊണ്ട് നടത്തിയ സമാധാനപ്രതിജ്ഞ ഏറെ ശ്രദ്ധേയമായിരുന്നു. വനിതകളും യുവജനങ്ങളും കുട്ടികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചത് സമാധാനദിനാചരണം കൂടുതൽ ആകർഷകമാക്കി.













# മനുഷ്യാവകാശദിനം



10.12.2021 ന് മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് മീനങ്ങാടി ഗ്രാമ പഞ്ചായത്തിലെ വെള്ളിത്തോട് അങ്കൺവാടിയിൽ വെച്ച് നീതിവേദി ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി ബോധവൽക്കരണ ക്ലാസ്സ് എടുത്തു. 33 പേർ പങ്കെടുത്തു.

# ബോധവൽക്കരണ ക്ലാസ്സുകൾ

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് നിയമ അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ ആദിവാസി ഊരുകൾ, കുടുംബശ്രീ യൂണിറ്റുകൾ, അംഗൺവാടികൾ തുടങ്ങിയ സംവിധാനങ്ങളുടെ സഹകരണത്തോടെ നീതിവേദി സ്റ്റാഫ് അംഗങ്ങൾ 40 ക്ലാസ്സുകൾ സംഘടിപ്പിച്ചു. 1232 പേർ പങ്കെടുത്തു.







# മീഡിയേഷൻ ട്രെയിനിംഗ്



2022 മാർച്ച് 14 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് വയനാട് ജില്ലയിലെ പഞ്ചായത്ത് പീസ് കമ്മിറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് മീഡിയേഷൻ ട്രെയിനിംങ് നൽകി. അഡ്വ. ജോമോൾ ജോയി, അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. മരിയ എന്നിവർ റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. മീഡിയേഷൻ, ശ്രവണ കല എന്നീ വിഷയങ്ങളെ സംബന്ധിച്ച ക്ലാസ്സുകളോടൊപ്പം ഗ്രൂപ്പുതലത്തിൽ പ്രായോഗിക പരിശീലനവും നൽകി. 2022 മെയ് മാസത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചു. പരിശീലന പരിപാടിയിൽ 50 പേർ പങ്കെടുത്തു.

## ഭരണഘടനാ അവബോധ ശിൽപശാല




നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 23 ന് കൽപ്പറ്റ എം.ജി.റ്റി ഹാളിൽ വെച്ച് ഇന്ത്യൻ ഭരണഘടനയുടെ അന്തസത്തയും മതേതര സങ്കൽപ്പവും സംബന്ധിച്ച് വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. ശ്രീ ജെയിംസ് തോമസ് സ്വാഗതം ആശംസിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ.ഐ. തോമസ് ഉദ്ഘാടനം ചെയ്തു. അഡ്വ. മരിയ വിഷയാവതരണം നടത്തി. അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. ജോമോൾ ജോയി എന്നിവർ ചർച്ചകൾ നയിച്ചു. വിവിധ പഞ്ചായത്തുകളിൽ നിന്നായി 51 പേർ പങ്കെടുത്തു.

## സബ് കമ്മിറ്റി മീറ്റിംഗ്

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സേവനദാതാക്കളെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും വേണ്ടി സബ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്. സേവനദാതാക്കൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന പഞ്ചായത്തുകളിൽ നിന്നുള്ള പ്രതിനിധികൾ, പോലീസ് പ്രതിനിധികൾ, ഐ.സി.ഡി.എസ്. പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ ജില്ലാ വനിതാ സംരക്ഷണ ഓഫീസറുടെ അദ്ധ്യക്ഷതയിൽ ചേർന്നാണ് സബ് കമ്മിറ്റി യോഗങ്ങൾ നടത്താറുള്ളത്.




2021 നവംബർ മാസം 27 - ാം തിയ്യതി നീതിവേദി ഓഫീസിൽ വെച്ച് നടന്ന സബ് കമ്മിറ്റി മീറ്റിംഗിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി നിസ, അഡ്വ. മരിയ, ജ്വാല ജില്ലാ കോർഡിനേറ്റർ ശ്രീമതി. ലില്ലി തോമസ്, പഞ്ചായത്ത് ജനപ്രതിനിധികൾ, അങ്കൺവാടി ടീച്ചർമാർ എന്നിവരുൾപ്പെടുന്ന 15 ഓളം പേർ പങ്കെടുത്തു. നീതിവേദി ഡയറക്ടർ ശ്രീമതി. ഫ്ളെസി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് അഡ്വ. മരിയയുടെ നേതൃത്വത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയും, എല്ലാ സംവിധാനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് സ്ത്രീകൾക്ക് സഹായങ്ങൾ ചെയ്തുകൊടുക്കാനുള്ള സാധ്യതകൾ സംബന്ധിച്ചും ചർച്ച ചെയ്തു.

2022 മെയ് മാസം 10 - ാം തിയ്യതി നടന്ന സബ് കമ്മിറ്റി യോഗത്തിൽ വയനാട് ജില്ലാ പ്രൊട്ടക്ഷൻ ഓഫീസറായി പുതുതായി ചാർജ്ജെടുത്ത ശ്രീമതി. മായ എസ്. പണിക്കർ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ഗവേർണിംഗ് ബോഡി അംഗമായ അഡ്വ. മരിയ എല്ലാവരെയും സ്വാഗതം ചെയ്തു. ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ പ്രവർത്തന വർഷത്തിൽ നീതിവേദി ഇടപെട്ട 120 കുടുംബ പ്രശ്നങ്ങളിൽ കൗൺസിലിംഗിലൂടെയും മീഡിയേഷനിലൂടെയും 102 എണ്ണം പരിഹരിക്കാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണെന്ന് അംഗങ്ങൾ വിലയിരുത്തി. ശ്രീമതി വത്സ ദേവസ്യ നന്ദി പറഞ്ഞു.

# കോവിഡ് പ്രതിരോധ ഇടപെടലുകൾ

നീതിവേദി പീസ് കമ്മിറ്റി അംഗങ്ങളും വിവിധ ഹാർമണി ക്ലബ്ബുകളിലെ അംഗങ്ങളും കോവിഡ് കാലഘട്ടത്തിൽ സജീവമായ ഇടപെടലുകൾ നടത്തി. സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസ്രത്ത് കോൺഗ്രിഗേഷൻ കോവിഡ് ബാധിച്ച പാവപ്പെട്ട ആളുകളെ സഹായിക്കുന്നതിനായി നീതിവേദിയെ ഏൽപ്പിച്ച ഫണ്ട് ഉപയോഗിച്ച് കോവിഡ് പ്രതിസന്ധിയിൽ ബുദ്ധിമുട്ട് അനുഭവിച്ച 629 കുടുംബങ്ങളിലെ 1192 പേർക്ക് വിവിധതരത്തിലുള്ള സഹായങ്ങൾ നൽകി. 215 ഭക്ഷണ കിറ്റുകൾ, 83 പേർക്ക് മെഡിക്കൽ സഹായം, 320 കുട്ടികൾക്ക് പഠനോപകരണങ്ങൾ, 9 പേർക്ക് ടാർപ്പായ, 2 വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ, 2 കുടുംബങ്ങൾക്ക് ആട് എന്നിവ വിതരണം ചെയ്തു.













# 2022 – 2023 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

## ജില്ലാ പീസ് ഫോറം



നീതിവേദി ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന എല്ലാ പ്രോഗ്രാമുകളും ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും പഞ്ചായത്ത് പീസ് കമ്മിറ്റി ഭാരവാഹികളുടെയും നേതൃത്വത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ജില്ലയെ പൊതുവായി ബാധിക്കുന്ന തർക്കവിഷയങ്ങളിൽ ഇടപെടാനും വിവിധ പഞ്ചായത്തുതല പീസ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ജില്ലാ പീസ് ഫോറം പ്രത്യേക ശ്രദ്ധ നൽകുന്നതാണ്.

## പഞ്ചായത്തുതല പീസ് കമ്മിറ്റികൾ



വയനാട് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നീതിവേദി പീസ് കമ്മിറ്റികൾ ഈ വർഷം പുനഃസംഘടിപ്പിച്ച് സജീവമാക്കാൻ ആഗ്രഹിക്കുന്നു. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന പീസ് കമ്മിറ്റി അംഗങ്ങൾക്ക് താലൂക്ക് തലത്തിൽ ജൂലൈ മാസത്തിൽ പരിശീലനങ്ങൾ നൽകുന്നതാണ്.

ഓരോ പഞ്ചായത്തിൽ നിന്നും പീസ് കമ്മിറ്റി അംഗങ്ങളെയോ നീതിവേദിയെയോ ബന്ധപ്പെട്ട് ഇടപെടൽ നടത്തണമെന്ന് ആഗ്രഹിക്കുന്ന തർക്കവിഷയങ്ങൾ സംബന്ധിച്ച് പ്രാഥമിക വിവരശേഖരണം നടത്തിയതിന് ശേഷം പീസ് കമ്മിറ്റികളിൽ നിന്നും രൂപീകരിക്കുന്ന സബ് കമ്മിറ്റികളുടെ സഹായത്തോടെ പരിഹരിക്കാൻ ശ്രമം നടത്തുന്നതാണ്. ഇതിന് സഹായകരമായി പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് ദ്വിദിന മീഡിയേഷൻ ട്രെയിനിംഗ് 2022 ജൂലൈ മാസത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു.

## കോർടീം വോളണ്ടിയേഴ്സിന് പരിശീലനം



ഓരോ പഞ്ചായത്തിലെയും/മുനിസിപ്പാലിറ്റിയിലെയും ഇടപെടലുകളിൽ പീസ് കമ്മിറ്റി ഭാരവാഹികളെയും നീതിവേദി സ്റ്റാഫ് അംഗങ്ങളെയും സഹായിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കോർടീം വോളണ്ടിയർമാർക്ക് ജൂൺ മാസം അവസാനവാരത്തിൽ പരിശീലനം നൽകുന്നതാണ്.

## വനിതാ സൗഹൃദ ക്ലബ്ബുകൾ

ഓരോ പ്രദേശത്തെയും സ്ത്രീകൾക്ക് ഒരുമിച്ച് ചേർന്ന് സന്തോഷവും സങ്കടങ്ങളും പങ്കുവെയ്ക്കാനും കലാ-കായിക പരിപാടികളുടെ ഭാഗമാകാനും ഉദ്ദേശിച്ചാരംഭിച്ച വനിതാ സൗഹൃദ ക്ലബ്ബുകൾ കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കാനും സജീവമാക്കാനും ഈ വർഷം കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ദിവസേനയുള്ള കായിക വിനേദ പരിപാടികൾ, പ്രതിമാസ ഒത്തുചേരൽ, പരിശീലന പരിപാടികൾ, ഹാപ്പിസ് പ്രോഗ്രാം, ഉല്ലാസയാത്രകൾ, വനിതാദിനാചരണം തുടങ്ങിയവ വനിതാ സൗഹൃദ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തുന്നതാണ്.



## യുവജന സൗഹൃദ ക്ലബ്ബുകൾ



വയനാട് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും/ മുനിസിപ്പാലിറ്റികളിലും നീതിവേദി താലൂക്ക് കോർഡിനേറ്റേഴ് സിന്റെ നേതൃത്വത്തിൽ യുവജന സൗഹൃദ ക്ലബ്ബുകൾ ശക്തി പ്പെടുത്തുകയോ രൂപീകരിക്കുകയോ ചെയ്യുന്നതാണ്. ദിവസേനയുള്ള കായിക വിനോദങ്ങൾ, പ്രതിമാസയോഗങ്ങൾ, മത സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ വിവിധ ആഘോഷങ്ങൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, സാമൂഹ്യ പ്രവർത്തനങ്ങൾ, തെരുവു നാടകങ്ങളിലൂടെയും മറ്റും ആദിവാസി ആചാര ങ്ങളും പാരമ്പര്യങ്ങളും സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.






വിദ്യാർത്ഥികളിൽ വിവിധ മതങ്ങളെ ആദരിക്കാനുള്ള മനസ്സും തുറവിയും പകർന്നു നൽകാനും ആദിവാസികളുൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളോട് കരുതലുള്ളവരാകാനും പ്രചോദനം നൽകുന്ന ക്ലാസ്സുകളും ചർച്ചകളും, കലാ-കായിക വിനോദ പരിപാടികളിൽ സ്ഥിരമായി പങ്കെടുക്കാനുള്ള അവസരങ്ങളും പരിശീലനങ്ങളും, വിവിധ ആഘോഷങ്ങൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ തുടങ്ങിയവ ഈ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്നതാണ്. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന ആദിവാസി കുട്ടികൾക്ക് പീസ് കമ്മിറ്റികളുടെ സഹായത്തോടെ തുടർ പരിശീലനം നൽകുന്നതിന് സാധ്യതകൾ ഒരുക്കാൻ പ്രത്യേക ശ്രദ്ധ നൽകുന്നതാണ്.

ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നീതിവേദിയെ ഏറെ ആകുലപ്പെടുത്തുന്ന കാര്യമാണ്. വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകളുടെയും പീസ് കമ്മിറ്റികളുടെയും സഹകരണത്തോടെ ഈ വിഷയത്തിൽ ശ്രദ്ധപതിപ്പിക്കാൻ നീതിവേദി സ്റ്റാഫ് അംഗങ്ങൾ പരിശ്രമിക്കുന്നതാണ്.

# ആദിവാസി ദിനാചരണം 2022

ആദിവാസി അവകാശങ്ങളും ആദിവാസി സമൂഹം നമ്മുടെ നാടിന് നൽകുന്ന സംഭാവനകളും ഉയർത്തികാണിക്കാനായി ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച അന്തർദേശീയ തദ്ദേശ ജനതകളുടെ ദിനം എല്ലാവർഷവും ആഗസ്റ്റ് മാസം 9-ാം തിയ്യതി ആചരിച്ചുവരുന്നു. ഈ വർഷം നീതിവേദി പീസ് കമ്മിറ്റികളുടെയും ആദിവാസി സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ 2022 ആഗസ്റ്റ് മാസം 9-ാം തിയ്യതി മീനങ്ങാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ജില്ലാ തലത്തിൽ അന്തർ ദേശീയ ആദിവാസി ദിനം ആചരിക്കുകയാണ്. ഉദ്ഘാടന സമ്മേളനം, ആദിവാസി വിഭാഗങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധികൾ സംബന്ധിച്ച സിംപോസിയം, വിവിധ ആദിവാസി സമൂഹങ്ങളുടെ തനത് കലാവിഷ്കാരങ്ങൾ തുടങ്ങിയവ ഈ ദിനാചരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആദിവാസി ദിനാചരണം സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകാൻ 51 അംഗ സമിതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

**സംഘാടക സമിതി**

ചെയർമാൻ - **ശ്രീ. വി.ടി. കുമാർ**
വൈസ് ചെയർ പേഴ്സൺ - **ശ്രീമതി. കെ. മിനി**
ജനറൽ കൺവീനർ - **ശ്രീ. എം.കെ. ശിവരാമൻ**
ജോയിന്റ് കൺവീനർ - **ശ്രീമതി. ശാന്തി സുനിൽ**

**പ്രോഗ്രാം കമ്മിറ്റി**

ചെയർമാൻ - **ശ്രീ. ഇ.ജി. ജോസഫ്**
കൺവീനർ - **ശ്രീ പ്രവീൺ കുമാർ**

**പബ്ലിസിറ്റി കമ്മിറ്റി**

ചെയർമാൻ - **ശ്രീ. കെ.ഐ. തോമസ്**
കൺവീനർ - **ശ്രീമതി. ബബിത രാജീവ്**

**ഫുഡ് കമ്മിറ്റി**

ചെയർമാൻ - **ശ്രീ. എം.ജി. ബേബി**
കൺവീനർ - **ശ്രീമതി വത്സ ദേവസ്യ**

**സ്റ്റേജ് & ഡെക്കറേഷൻ കമ്മിറ്റി**

ചെയർമാൻ - **ശ്രീ. എം. ആർ. ശശിധരൻ**
കൺവീനർ - **ശ്രീ. രാജൻ നൂൽപ്പുഴ**

**റിസപ്ഷൻ കമ്മിറ്റി**

ചെയർമാൻ - **ശ്രീ. സി.എം. രാജഗോപാൽ**
കൺവീനർ - **ശ്രീമതി. ശോശാമ്മ**

**ഫൈനാൻസ് കമ്മിറ്റി**

ചെയർപേഴ്സൺ - **ശ്രീമതി ഫ്ളൈസി ജോസ്**
കൺവീനർ - **ശ്രീ. അനീഷ് ബാബു**

## ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം

വയനാട് ജില്ലയിലെ ആദിവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥന്മാരും, ആദിവാസി പ്രതിനിധികളും, പീസ് കമ്മിറ്റി പ്രതിനിധികളും ഒരുമിച്ച് ചേർന്ന് 2022 ഒക്ടോബർ മാസത്തിൽ ചർച്ചകൾ നടത്തുകയും തുടർ നടപടികൾ ഏറ്റെടുക്കുന്നതുമാണ്.

## ആദിവാസി സമുദായ ആഘോഷങ്ങൾ



വിവിധ ആദിവാസി സമൂഹങ്ങളുടെ തനത് കലകളും ആചാരങ്ങളും ഉയർത്തുന്ന മൂല്യങ്ങൾ പുതിയ തലമുറയ്ക്കും പൊതു സമൂഹത്തിനും പങ്കുവെച്ച് കൊടുക്കുന്നതിന് വേണ്ടി വയനാട് ജില്ലയിലെ സാധ്യമായ എല്ലാ പഞ്ചായത്തുകളിലും ഈ വർഷത്തിൽ ആദിവാസി സമുദായ ആഘോഷം ആദിവാസി മൂപ്പന്മാരുടെയും പഞ്ചായത്തുതല പീസ് കമ്മിറ്റികളുടെയും ഹാർമണി ക്ലബ്ബുകളുടെയും ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു.

## ആദിവാസി സംഘടനകളുടെ നെറ്റ്‌വർക്ക് മീറ്റിംഗ്

ആദിവാസി സമൂഹങ്ങളുടെ അവകാശങ്ങൾക്കും ക്ഷേമത്തിനും ശാക്തീകരണത്തിനും വേണ്ടി വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ യോഗം 2022 ജൂലൈ മാസത്തിൽ നടത്താൻ ആഗ്രഹിക്കുന്നു. വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ പരസ്പരം പങ്കുവെയ്ക്കുവാനും സാധിക്കുന്ന മേഖലകളിൽ സഹകരിക്കുവാനും ഈ യോഗം വഴിയൊരുക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

## ആദിവാസി മൂപ്പന്മാരുമായുള്ള അഭിമുഖം



പരമ്പരാഗത ആദിവാസി മൂപ്പന്മാരെ കേൾക്കാനും ആദരിക്കാനും ആദിവാസി സമൂഹത്തിന്റെ ആചാരങ്ങളും പാരമ്പര്യങ്ങളും സംബന്ധിച്ച് പുതിയ തലമുറയ്ക്ക് അറിവ് പകർന്നുകൊടുക്കാനും ഉദ്ദേശിച്ചുകൊണ്ട് 2022 ജൂൺ മാസത്തിൽ താലൂക്ക് തലത്തിൽ ആദിവാസി മൂപ്പന്മാരുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. പഞ്ചയത്ത് പീസ് കമ്മിറ്റി അംഗങ്ങൾ, ഹാർമണി ക്ലബ്ബിലെ പ്രതിനിധികൾ, ആദിവാസി യുവജനങ്ങൾ എന്നിവർ ഈ അഭിമുഖത്തിൽ പങ്കാളികളാകും

## നിയമ സഹായവും കൗൺസിലിംഗും




സാമ്പത്തികമായും സാമൂഹികമായും പ്രതിസന്ധികൾ അനുഭവിക്കുന്നവർക്ക് നിയമ സഹായവും കൗൺസലിംഗും നൽകാൻ നീതിവേദിയിൽ സ്ഥിരമായി സൗകര്യം ഉണ്ടായിരിക്കുന്നതാണ്. നിയമ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, പരാതിക്കാരെ കേൾക്കുക, നിയമോപദേശം നൽകുക, പരാതികൾ തയ്യാറാക്കുക, കോടതി കേസുകൾ നടത്തുക എന്നിവ നിയമ സഹായത്തിന്റെ ഭാഗമാണ്. മാനസികമായും വൈകാരികമായും സംഘർഷം അനുഭവിക്കുന്നവർക്ക് സാന്ത്വനം നൽകാനും ശക്തിപ്പെടുത്താനും കൗൺസലിംഗിലൂടെ ശ്രമിച്ചുവരുന്നു.

## സേവനദാതാവ്



2008 മുതൽ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലും നിലവിൽ വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലും പ്രവർത്തിച്ചുവരുന്ന ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സേവനദാതാവാണ് നീതിവേദി. സ്ത്രീകൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ തുറന്ന് പറയാനും നിയമ സഹായം ലഭിക്കാനും നീതിവേദി അവസരമൊരുക്കുന്നു. കൗൺസിലിംഗിലൂടെയും മധ്യസ്ഥ ശ്രമങ്ങളിലൂടെയും പ്രശ്ന പരിഹാരത്തിന് ശ്രമിച്ചിട്ടും ഫലമുണ്ടാകാത്ത സാഹചര്യത്തിൽ മാത്രമാണ് കോടതികളിൽ പരാതികൾ സമർപ്പിക്കുന്നതും തുടർ നടപടികൾ എടുക്കുന്നതും. നീതിവേദിയിൽ ഇക്കാര്യത്തിനായി മുഴുവൻ സമയ ലീഗൽ കൗൺസിലറുടെ സേവനം ലഭ്യമാണ്.

## കർഷക പ്രശ്ന പരിഹാര ഹെൽപ്പ് ഡെസ്ക്



കർഷക ജില്ലയായ വയനാട്ടിൽ ഏറെ നാളുകളായി വന്യമൃഗ ശല്യം കൊണ്ടും വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും, കൃഷി വകുപ്പിന്റെയും, റവന്യൂ വകുപ്പിന്റെയും നിഷേധാത്മക സമീപനം കൊണ്ടും കർഷകർ വലിയ പ്രതിസന്ധി അനുഭവിക്കുന്നു. പാവപ്പെട്ട കർഷകരെ സഹായിക്കുന്നതിനായി നീതിവേദിയിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കാൻ കഴിഞ്ഞ ജനറൽ ബോഡിയോഗം തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു.

# ഗവേർണിംഗ് ബോഡി അംഗങ്ങൾ



**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**
പ്രസിഡന്റ്



**കെ. മിനി**
വൈസ് പ്രസിഡന്റ്




**ഫ്ളൈസി ജോസ്**
സെക്രട്ടറി



**ഉണ്ണികൃഷ്ണൻ**
ജോയിന്റ് സെക്രട്ടറി



**അഡ്വ. ജോമോൾ ജോയി**
ട്രഷറർ



**അഡ്വ. ഫാ. തോമസ് തേരകം**
എക്സിക്യൂട്ടീവ് മെമ്പർ



**അഡ്വ. മരിയ**
എക്സിക്യൂട്ടീവ് മെമ്പർ



**കെ.ഐ. തോമസ്**
എക്സിക്യൂട്ടീവ് മെമ്പർ



**സിദ്ധിഖ്**
എക്സിക്യൂട്ടീവ് മെമ്പർ

# സ്റ്റാഫ് അംഗങ്ങൾ



**ഫ്ളൈസി ജോസ്**
ഡയറക്ടർ



**അഡ്വ. ജോമോൾ ജോയി**
ലീഗൽ കൗൺസിലർ



**അനീഷ് ബാബു**
അഡ്വക്കറ്റ് ക്ലർക്ക്




**ജൂബിലി അനീഷ്**
ഡോക്യുമെന്റേഷൻ
& കമ്പ്യൂട്ടർ ഓപ്പറേറ്റർ



**അരുൺ പി.**
മാനന്തവാടി താലൂക്ക് കോഡിനേറ്റർ



**ജ്യോതിഷ് കുമാർ**
വൈത്തിരി താലൂക്ക് കോഡിനേറ്റർ



**പ്രവീൺ കുമാർ വി.പി.**
ബത്തേരി താലൂക്ക് കോഡിനേറ്റർ



**ഇന്ദുലേഖ**
ഫീൽഡ് വർക്കർ -
മാനന്തവാടി താലൂക്ക്



**മിനി സാജു**
ഫീൽഡ് വർക്കർ -
ബത്തേരി താലൂക്ക്



**വത്സ ദേവസ്യ**
ഫീൽഡ് വർക്കർ -
വൈത്തിരി താലൂക്ക്

# പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| നമ്പർ | പ്രവർത്തനം | ആകെ |
|---|---|---|
| 1 | നീതിവേദി ഓഫീസിൽ സഹായം തേടി വന്നവർ | 318 |
| 2 | ഗാർഹിക പീഡന പരാതികൾ | 120 |
| 3 | ഗാർഹിക പീഡന പരാതികൾ പരിഹരിച്ചത് | 102 |
| 4 | പരാതികൾ തയ്യാറാക്കി കൊടുത്തത് | 20 |
| 5 | കോടതി മുഖേന ഫയൽ ചെയ്ത കേസുകൾ | 17 |
| 6 | കോടതി മുഖേന പരിഹരിച്ചവ | 5 |
| 7 | കൗൺസിലിംഗ് നൽകിയത് | 122 |
| 8 | കണ്ടെത്തിയ തർക്കവിഷയങ്ങൾ | 20 |
| 9 | സമാധാനപരമായി പരിഹരിച്ച തർക്കങ്ങൾ | 7 |
| 10 | നിലവിലുള്ള പഞ്ചായത്ത് തല പീസ് കമ്മറ്റികൾ | 26 |
| 11 | പീസ് കമ്മറ്റി അംഗങ്ങൾ | 651 |
| 12 | ജില്ലാ പീസ് ഫോറം | 1 |
| 13 | ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ | 25 |
| 14 | യൂത്ത് ക്ലബുകൾ | 9 |
| 15 | യൂത്ത് ക്ലബ് അംഗങ്ങൾ | 179 |
| 16 | സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് | 19 |
| 17 | സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് അംഗങ്ങൾ | 499 |
| 18 | വനിതാ ഹാർമണി ക്ലബ് | 9 |
| 19 | വനിതാ ഹാർമണി ക്ലബ് അംഗങ്ങൾ | 156 |
| 20 | കോർ ടീം വോളണ്ടിയർമാർ | 25 |
| 21 | കോർ ടീം വോളണ്ടിയർമാർക്കുള്ള പരിശീലന പരിപാടി | 2 |
| 22 | പീസ് കമ്മറ്റി അംഗങ്ങൾക്ക് പരിശീലനം | 5 |
| 23 | പീസ് കമ്മറ്റി അംഗങ്ങളുടെ പരിശീലനത്തിൽ പങ്കെടുത്തവർ | 190 |
| 24 | ബോധവത്ക്കരണ ക്ലാസ്സുകൾ | 40 |
| 25 | ബോധവത്ക്കരണ ക്ലാസ്സുകളിൽ പങ്കെടുത്തവർ | 1232 |
| 26 | യൂത്ത് ഭാരവാഹികളുടെ യോഗം | 1 |
| 27 | യൂത്ത് ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തവർ | 25 |
| 28 | അന്തർദേശീയ വനിതാദിനാചരണത്തിൽ പങ്കെടുത്തവർ | 120 |
| 29 | അന്തർദേശീയ മനുഷ്യാവകാശ ദിനാചരണത്തിൽ പങ്കെടുത്തവർ | 33 |
| 30 | ആദിവാസി നേതാക്കൾക്ക് നേതൃത്വപരിശീലനം | 2 |
| 31 | ആദിവാസി നേതാക്കളുടെ നേതൃത്വപരിശീലനത്തിൽ പങ്കെടുത്തവർ | 29 |
| 32 | എക്സ്പോഷർ വിസിറ്റിൽ പങ്കെടുത്തവർ | 50 |
| 33 | മതസൗഹാർദ്ദ കൂട്ടായ്മകൾ | 22 |
| 34 | മതസൗഹാർദ്ദ കൂട്ടായ്മകളിൽ പങ്കെടുത്തവർ | 593 |
| 35 | മതസൗഹാർദ്ദ ആഘോഷങ്ങൾ | 16 |
| 36 | മതസൗഹാർദ്ദ ആഘോഷങ്ങളിൽ പങ്കെടുത്തവർ | 589 |
| 37 | സമാധാന ദിനാചരണം | 15 |
| 38 | സമാധാന ദിനാചരണത്തിൽ പങ്കെടുത്തവർ | 950 |
| 39 | സോഷ്യൽ മീഡിയ പരിശീലനം | 1 |
| 40 | സോഷ്യൽ മീഡിയ പരിശീലനത്തിൽ പങ്കെടുത്തവർ | 43 |
| 41 | ഭരണഘടന മൂല്യങ്ങൾ - സെമിനാർ | 1 |
| 42 | ഭരണഘടന മൂല്യങ്ങൾ - സെമിനാറിൽ പങ്കെടുത്തവർ | 51 |

# കോവിഡ്-19 പ്രവർത്തനങ്ങൾ

| നമ്പർ | പ്രവർത്തനങ്ങൾ | കുടുംബങ്ങൾ | ആളുകൾ |
|---|---|---|---|
| 1 | ഭക്ഷണക്കിറ്റ് | 215 | 746 |
| 2 | മെഡിക്കൽ സഹായം | 83 | 83 |
| 3 | കുട്ടികൾക്ക് പഠനോപകരണങ്ങൾ | 320 | 320 |
| 4 | ടാർപോളിൻ | 9 | 35 |
| 5 | ആട് | 2 | 8 |
| | **ആകെ** | **629** | **1192** |



സ്ത്രീപക്ഷ ചിന്തകൾ ചിലതെങ്കിലും ഇന്ന് മനുഷ്യപക്ഷമായി കാണുന്ന അവസ്ഥയായി മാറിയിട്ടുണ്ട്. സ്ത്രീകൾ മാത്രം അനുഭവിക്കുന്നതും അവരെ മാത്രം അലട്ടുന്നതുമായ പ്രശ്നങ്ങളായി മാത്രം കണ്ടിരുന്ന വിഷയങ്ങൾ ഇന്ന് സാമൂഹ്യ വിഷയമായി കാണാൻ ചെറുതായെങ്കിലും തുടങ്ങിയിട്ടുണ്ട്. എല്ലാ ചർച്ചാ വേദികളിലും 'സ്ത്രീ വിഷയങ്ങൾ' എന്ന് കാണിച്ച് അതിനെക്കുറിച്ച് സംസാരിക്കാൻ സ്ത്രീകളെ കണ്ടെത്തി, കേൾവിക്കാരായി സ്ത്രീകളെ സംഘടിപ്പിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർണ്ണമായും മാറിയിട്ടില്ല.

ഈയിടെ ഏറെ ചർച്ച ചെയ്യപ്പെട്ട 'സ്ത്രീധന നിരോധന നിയമ'ത്തെക്കുറിച്ചും ഇത് തന്നെയാണ് അവസ്ഥ. സ്ത്രീധനം എന്ന സാമൂഹ്യ വിപത്ത് സ്ത്രീകളെ മാത്രം ബാധിക്കുന്ന ഒന്നായി മാറ്റിയ നിലയിലാണ് ഈ ചർച്ചകൾ പലപ്പോഴും. ഏറ്റവും രസകരമായി തോന്നിയത് 'സ്ത്രീധനം' വാങ്ങില്ല, കൊടുക്കില്ല എന്ന് യുവജനങ്ങൾ പ്രതിജ്ഞ ചെയ്യുന്നത് കണ്ടതാണ്. സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും നിയമപ്രകാരം കുറ്റകരമായിരിക്കെ ആ കുറ്റകൃത്യം ചെയ്യാൻ പാടുള്ളതല്ല. അങ്ങിനെയെങ്കിൽ ആ കുറ്റകൃത്യം ചെയ്യില്ല എന്ന് ഒരാൾ പ്രതിജ്ഞ ചെയ്യുന്നത് എങ്ങനെയാണ്? മാത്രമല്ല ഇതൊരു സാമൂഹ്യ വിഷയമായി ഇനിയും വളരേണ്ടതുണ്ട്.

സ്ത്രീകളുടെ വസ്ത്രധാരണം സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു എന്ന വാദം പലപ്പോഴും കേൾക്കാറുണ്ട്. ഒരാളുടെ വസ്ത്രധാരണം എങ്ങനെ മറ്റൊരാളെ കുറ്റം ചെയ്യാൻ "പ്രേരിപ്പിക്കുന്നു" എന്നത് വളരെ വിചിത്രമായ ഒരു ന്യായമാണ്. അങ്ങിനെയെങ്കിൽ ഭൂമിയില്ലാത്തവർ ജൻമിയുടെ ഭൂമി കൈയ്യേറി കുടിൽ കെട്ടുന്നതും, വിശക്കുന്നയാൾ ഭക്ഷണം മോഷ്ടിച്ച് കഴിക്കുന്നതും, ന്യായീകരിക്കേണ്ടതല്ലേ?. മാത്രമല്ല സ്ത്രീകളുടെ വസ്ത്രധാരണത്തെ കുറ്റപ്പെടുത്തുന്നവർ അവരുടെ മാനസിക വളർച്ചയില്ലായ്മയെയാണ് വെളുപ്പെടുത്തുന്നത് എന്ന് മനസ്സിലാക്കുന്നില്ല. ഓരോ പ്രാവശ്യം സ്ത്രീകളെ കുറ്റപ്പെടുത്തുമ്പോൾ ഓർക്കണം ഞാൻ മാനസികമായും സാംസ്കാരികമായും ഇനിയും വളരാനുണ്ടെന്ന്. ഈ ചിന്തയും ഒരു സാമൂഹ്യ വിഷയമായി മാറേണ്ടതാണ്. ഇവിടെയും പൊതുസമൂഹം സ്ത്രീ വസ്ത്രധാരണത്തെ ഒരു സ്ത്രീ വിഷയമായി മാത്രം കാണുന്നതിന്റെ കാഴ്ചക്കുറവാണ് പ്രതിഫലിപ്പിക്കുന്നത്. ഈ മങ്ങിയ കാഴ്ചകൾ തെളിമയുള്ളതാക്കാൻ നമ്മുടെ ഉൾക്കാഴ്ച വർദ്ധിപ്പിക്കാൻ സാമൂഹ്യ തിൻമകളെ സാമൂഹ്യ വിഷയമായി കാണാൻ ശ്രമിക്കാം.

**അഡ്വ. മരിയ**

ഗവേർണിംഗ് ബോഡി മെമ്പർ, നീതിവേദി



സന്തോഷപ്രദമായ ജീവിതം എല്ലാവരുടെയും സ്വപ്നമാണ്, ആഗ്രഹമാണ്. സന്തോഷപ്രദമായ ജീവിതത്തിന് ശാന്തിയും സമാധാനവും അനിവാര്യം. ബന്ധങ്ങളുടെ തലത്തിൽ പരസ്പര ഐക്യവും അനുകമ്പയും കരുതലും ഉണ്ടാകുമ്പോഴാണ് സമാധാനം സാധ്യമാകുക. എന്നാൽ എല്ലാ തലങ്ങളിലും ബന്ധങ്ങളുടെ ബലം കുറഞ്ഞ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുക. വ്യക്തികളിലും കുടുംബത്തിലും സമൂഹത്തിലും സ്വാർത്ഥത പെരുകി ബന്ധങ്ങളെ തകർക്കുന്നു. ഇത് അസമാധാനത്തിനും അഭിപ്രായ വ്യത്യാസങ്ങൾക്കും പിടിവാശികൾക്കും ദുഃഖദുരിതങ്ങൾക്കും കാരണമാകുന്നു. മറ്റുള്ളവർക്ക് എന്ത് സംഭവിച്ചാലും എനിക്കൊന്നുമില്ല, എന്റെ കാര്യങ്ങളെല്ലാം തടസ്സം കൂടാതെ നടക്കണമെന്ന ചിന്തയാണിന്ന് ഭൂരിപക്ഷം മനസ്സുകളെയും ഭരിക്കുന്നത്. ഈ ചിന്ത തെറ്റായ നിഗമനങ്ങളിലേക്കും പിടിവാശികളിലേക്കും പ്രതികാരചിന്തകളിലേക്കും മനുഷ്യമനസ്സുകളെ നയിച്ച് ജീവിതം ദുരിതഭൂരിതമാക്കുന്നു. ഈ സാഹചര്യങ്ങളുടെ നീരാളിപിടുത്തത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നീതിവേദിയും അതിന്റെ ഭാഗമായ പീസ് ഫോറവും പ്രവർത്തിക്കുന്നത്.

പ്രശ്ന തലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന്, അവ പഠിച്ച്, വിലയിരുത്തി, ബന്ധപ്പെട്ട പരിഹാരങ്ങൾ നിരത്തി, ബോധ്യപ്പെടുത്തി, വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തിലെ വിവിധങ്ങളായ ഗ്രൂപ്പുകളെയും ഐക്യത്തിന്റെയും ഒരുമയുടെയും പരസ്പര ബഹുമാനത്തിന്റെയും പങ്കുവെക്കലിന്റെയും തലങ്ങളിലേക്ക് കൈപിടിച്ചുയർത്താൻ പീസ് ഫോറം പ്രവർത്തകർ നടത്തുന്ന നിസ്വാർത്ഥ സേവനങ്ങൾ നിരവധിയാണ്. പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും പ്രവർത്തിക്കുന്ന പീസ് ഫോറം നിരന്തരമായ പരിശ്രമങ്ങളിലൂടെ നിരവധി പ്രശ്നങ്ങൾക്കും തർക്കങ്ങൾക്കും ശാശ്വതമായ പരിഹാരം കണ്ട് അനവധി വ്യക്തികളെയും കുടുംബങ്ങളെയും സംഘടനകളേയും സമാധാന പാതയിലേക്ക് നയിച്ച സംതൃപ്തിയിലാണ്. അസമാധാനത്തിന് വഴി ഒരുക്കുന്ന വ്യക്തികളെയും കാരണങ്ങളേയും പഠനവിഷയമാക്കി, ഇതുമൂലം ഉണ്ടാകുന്ന സംഘർഷങ്ങളും അക്രമങ്ങളും ഏവയെന്ന് മുൻകൂട്ടി മനസ്സിലാക്കി ബന്ധപ്പെട്ടവരുമായി അനുരഞ്ജന ചർച്ചകളും സംഭാഷണങ്ങളും നടത്തി നിർദ്ദേശങ്ങൾ നിരത്തിയും ആവശ്യമെങ്കിൽ കൗൺസിലിംഗിന് വിധേയരാക്കിയും നിരന്തരമായ ഇടപെടലുകളിലൂടെയും പ്രശ്നപരിഹാരം കാണുന്ന പീസ് ഫോറം പ്രവർത്തനശൈലി ഇന്ന് സ്വീകാര്യതയുടെ തലത്തിൽ ഉയർന്ന് നിൽക്കുന്നു. പീസ് ഫോറത്തെ സമീപിക്കുന്നവരും പീസ് ഫോറത്തെ അംഗീകരിക്കുന്നവരും സമാധാന പാതയിൽ സന്തുഷ്ടരായി നീങ്ങുന്നുവെന്നത് പീസ്ഫോറം പ്രവർത്തകർക്ക് പ്രചോദനവും ആവേശവും പകരുന്നു. അതിനാൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ തളരേണ്ട, നീതിപൂർവ്വകമായ പരിഹാരത്തിന് നീതിവേദിയും പീസ്ഫോറവും നിങ്ങൾക്ക് സമീപം.

കെ.ഐ. തോമസ്
(ജില്ലാ പീസ് ഫോറം ചെയർമാൻ,
നീതിവേദി)

# സേവനദാതാവ് - 2008 മുതൽ പ്രവർത്തിച്ചുവരുന്നു

നീതിവേദിയുടെ പരിധിയിൽ വരുന്ന
പഞ്ചായത്തുകളും മുൻസിപ്പാലിറ്റിയും

**പഞ്ചായത്തുകൾ**

- തരിയോട്
- മുട്ടിൽ
- കണിയാമ്പറ്റ
- മീനങ്ങാടി

**മുൻസിപ്പാലിറ്റി**

- കൽപ്പറ്റ



എല്ലാ ബുധനാഴ്ചകളിലും ഉച്ചക്ക് ശേഷം 1.30 മുതൽ 4.30 വരെ കൽപ്പറ്റ (പഴയ ബസ്സ്റ്റാന്റിന് സമീപം) ഐ.സി.ഡി.എസ് ഓഫീസിലും മറ്റ് പ്രവർത്തി ദിവസങ്ങളിൽ നീതിവേദി ഓഫീസിലും അഡ്വക്കറ്റിന്റെ സേവനം ലഭ്യമാണ്.

നീതിവേദിയുടെ പരിധിയിൽപെടുന്ന സ്ത്രീകൾ ഗാർഹിക പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരാതികൾ നീതിവേദി ഓഫീസിൽ നൽകിയാൽ ഇവയിൽ ആധികാരികമായി ഇടപെട്ട് മാനസികവും നിയമപരവുമായ കൗൺസലിംഗ് നടത്തുകയും ആവശ്യമുണ്ടെങ്കിൽ കോടതിയിൽ കേസ് ഫയൽ ചെയ്ത് പരിഹാരം ഉണ്ടാക്കുന്നതുമാണ്.



JUSTICE IS NOT A FAVOUR
Neethi Vedhi
IT IS A RIGHT

# നീതിവേദി


സുധിക്കവല, കാക്കവയൽ പി.ഒ., കൽപ്പറ്റ നോർത്ത്, വയനാട് 673 122

ഫോൺ: 04936 246788, 9496197378

E-mail : neethivedhi@gmail.com, Web: www.neethivedhi.org


**നീതിവേദിയിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 5 മണി വരെ ഗാർഹിക പരാതികൾ സ്വീകരിക്കുന്നതാണ്. ഫോൺ : 8281962792**

